"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കൊല്ലം ജില്ലയിലെ ഓച്ചിറ ഗ്രാമ പഞ്ചായത്തിലെ ഡ്രൈവർ ശ്രീ. രാജേഷ്. ആർ- ന്റെ മാതാവിന്റെ ചികിത്സയ്ക്ക് കൊല്ലം ബിഷപ്പ് ബെൻസിഗർ ആശുപത്രിയിൽ നേരിട്ട ചികിത്സാചെലവ് പ്രതിപൂരണം ചെയ്തു നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

സ.ഉ.(കൈ) നം.139/2024/LSGD തീയതി,തിരുവനന്തപുരം, 19-10-2024

---

പരാമർശം:-

1. 21.01.2016 -ലെ G.O.(P)No.10/2016/ H&FWD നമ്പർ സർക്കുലർ.
2. 15.12.2017-ലെ G.O.(Ms) No.184/2017/H&FWD നമ്പർ ഉത്തരവ്.
3. ശ്രീ. രാജേഷ്. ആർ. ന്റെ 04.04.2022-ലെ അപേക്ഷയും ബില്ലുകളും.
4. ഓച്ചിറ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 25.05.2022 ലെ 12/1 നമ്പർ തീരുമാനം.
5. കൊല്ലം ജില്ലാ മെഡിക്കൽ ഓഫീസറുടെ 13.02.2023-ലെ (എൽ.ഡിസ്) എം.ആർ 14305/2022/ ജി.മെ.ആ നം. കത്ത്
6. പ്രിൻസിപ്പൽ ഡയറക്ടറുടെ 08-01-2024- ലെ LSGD/PD/40469/ 2023-DEG1 നമ്പർ കത്ത്.

ഉത്തരവ്

കൊല്ലം ജില്ലയിലെ ഓച്ചിറ ഗ്രാമ പഞ്ചായത്ത് ഓഫീസിലെ ഡ്രൈവർ ശ്രീ. രാജേഷ്. ആർ-ന്റെ മാതാവിന്റെ ചികിത്സയ്ക്ക് കൊല്ലം ബിഷപ്പ് ബെൻസിഗർ ആശുപത്രിൽ ചെലവായ 29,400/- രൂപ പ്രതിപൂരണം ചെയ്തു നൽകുന്നതിന് പരാമർശം ( 3 ) പ്രകാരം സമർപ്പിച്ച അപേക്ഷ, അനുബന്ധരേഖകൾ സഹിതം പരാമർശം (6) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിച്ചു. നിർദ്ദിഷ്ട ചികിത്സയ്ക്ക് സർക്കാർ അംഗീകൃത നിരക്കുകൾ പ്രകാരം ആകെ അനുവദനീയമായ തുക 14,410/- രൂപയാണെന്ന് പരാമർശം(5) പ്രകാരം കൊല്ലം ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുള്ളതിനാൽ ആയതിന്റെ 80% ആയ 11,528/- രൂപ (പതിനൊന്നായിരത്തി അഞ്ഞൂറ്റി ഇരുപത്തി എട്ട് രൂപ മാത്രം) മെഡിക്കൽ റീഇംപേഴ്സ്മെന്റ് ആനുകൂല്യമായി അനുവദിക്കാവുന്നതാണെന്നും പ്രസ്തുത തുക പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് പരാമർശം (4) പ്രകാരം ഓച്ചിറ ഗ്രാമപഞ്ചായത്ത് തീരുമാനിച്ചിട്ടുണ്ടെന്നും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊല്ലം ജില്ലയിലെ ഓച്ചിറ ഗ്രാമ പഞ്ചായത്ത് ഓഫീസിലെ ഡ്രൈവർ ശ്രീ. രാജേഷ്. ആർ. ന്റെ മാതാവിന്റെ ചികിത്സയ്ക്കായി 03.03.2022 മുതൽ 08.03.2022 വരെ കൊല്ലം ബിഷപ്പ് ബെൻസിഗർ ആശുപത്രിയിൽ ചെലവായ തുകയിൽ ജില്ലാ മെഡിക്കൽ ഓഫീസർ അനുവദനീയത അറിയിച്ചിട്ടുള്ള 14,410/- രൂപയുടെ 80% ആയ 11,528/- രൂപ (പതിനൊന്നായിരത്തി അഞ്ഞൂറ്റി ഇരുപത്തി എട്ട് രൂപ മാത്രം) നിലവിലെ KGSMA ചട്ടം, 1960 -ലെ

വ്യവസ്ഥകൾ ക്കും, പ്രസ്തുത മെഡിക്കൽ ബില്ലുകളുടെ വാസ്തവികത, അർഹത, കൃത്യത എന്നിവ പരിശോധിച്ച് ഉറപ്പുവരുത്തിയ ശേഷം സർക്കാരിന് യാതൊരു സാമ്പത്തിക ബാദ്ധ്യതയും ഉണ്ടാകാൻ പാടില്ല എന്ന വ്യവസ്ഥയിലും ടിയാൾ പ്രസ്തുത ചികിത്സയ്ക്ക് IFMA എടുത്തിട്ടില്ലെന്ന് ഉറപ്പുവരുത്തിയും, ഓച്ചിറ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും പ്രതിപൂരണം ചെയ്തു നൽകുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സെമിഗോപിനാഥ്. ജി
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്,തിരുവനന്തപുരം. (മെഡിക്കൽ ബില്ലുകളും അനുബന്ധ രേഖകളും സഹിതം).
ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, കൊല്ലം. (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എൽ ബി എ), കേരള ബ്രാഞ്ച് ഓഫീസ്, തൃശ്ശൂർ.
സെക്രട്ടറി, ഓച്ചിറ ഗ്രാമപഞ്ചായത്ത്, കൊല്ലം ജില്ല.
ശ്രീ. രാജേഷ്. ആർ. , ഡ്രൈവർ, ഓച്ചിറ ഗ്രാമപഞ്ചായത്ത്, കൊല്ലം ജില്ല. (പഞ്ചായത്ത് ഡയറക്ടർ മുഖേന).
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്. (No.EPA3/281/2024/LSGD ).

ഉത്തരവിൻ പ്രകാരം
Signed by
Danuja M S
Date: 19-10-2024 12:50:05
സെക്ഷൻ ഓഫീസർ